## പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2200 | 11.02.2020 ൽ മറുപടിയ്ക്ക് |
|---|---|
| **തിരുവനന്തപുരം മണ്ഡലത്തിൽ മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ** | |
| ചോദ്യം | മറുപടി |
| **ശ്രീ.വി.എസ്.ശിവകുമാർ** | **കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നിയോജക മണ്ഡലത്തിലെ വലിയതുറ, ശംഖുമുഖം എന്നിവിടങ്ങളിൽ അങ്കണവാടികൾ സ്ഥാപിക്കുന്നതിന് സ്ഥലം നിർദ്ദേശിച്ചിരുന്നതിന്മേൽ സാമൂഹ്യനീതി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | എ) തിരുവനന്തപുരം അർബൻ 1 ഐസിഡിഎസ് പ്രോജക്ടിന്റെ കീഴിലുള്ള മുട്ടത്തറ വില്ലേജിൽ വലിയതുറ അങ്കണവാടി നിർമ്മിക്കുന്നതിനായി 04.87 ആർ ഭൂമി വനിത ശിശു വികസന വകുപ്പിന് കൈമാറുന്നതിനാവശ്യമായ അർത്ഥനാപത്രം നൽകുന്നതിന് ബഹു. കളക്ടർ ആവശ്യപ്പെട്ടതനുസരിച്ച് വനിത ശിശു വികസന വകുപ്പ് കാര്യാലയത്തിൽ നിന്നും അർത്ഥനാപത്രം ഒപ്പിട്ടു നൽകുന്നതിന് ജില്ലാ വനിതാ ശിശു വികസന ഓഫീസറെ ചുമതലപ്പെടുത്തുകയും, ജില്ലാ ഓഫീസർ കളക്ടേറ്റിൽ നൽകുകയും ചെയ്തിട്ടുണ്ട്.<br>തിരുവനന്തപുരം അർബൻ 4 ഐസിഡിഎസ് പ്രോജക്ടിനു കീഴിലുള്ള ശംഖുമുഖം 152-ാം നമ്പർ അങ്കണവാടിയ്ക്കുവേണ്ടി തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിൻ കീഴിലുള്ള ശംഖുമുഖം വാർഡിൽ വലിയതുറ പോലീസ് സ്റ്റേഷന് പുറകുവശം സർവ്വേ നമ്പർ 1920/PT പ്രകാരം സർക്കാർ പുറമ്പോക്ക് 10 സെന്റ് ഭൂമിയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം അങ്കണവാടിയ്ക്ക് വിട്ടുനൽകുന്നതിനാവശ്യമായ ശുപാർശ ലഭ്യമാക്കാൻ ബഹു. ജില്ലാ കളക്ടർ തിരുവനന്തപുരം തഹസീൽദാർക്ക് രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) അങ്കണവാടികൾ എത്രയും വേഗം | (ബി)&(സി) തിരുവനന്തപുരം അർബൻ 1 |

| | |
|---|---|
| യാഥാർത്ഥ്യമാക്കുന്നതിന് വലിയതുറ സെന്റ് സേവ്യേഴ്സ് നഗറിലെ ഡെയറി ഡെവലപ്പ്മെന്റ് വകുപ്പിന്റെ അധീനതയിലുള്ള ഭൂമി, ശംഖുമുഖം പോലീസ് സ്റ്റേഷന് സമീപമുള്ള റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി എന്നിവ സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതുമായി ബന്ധപ്പെട്ട ഫയലിന്റെ വകുപ്പിലെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കാമോ; | ഐസിഡിഎസ് പ്രോജക്ടിന്റെ കീഴിലുള്ള മുട്ടത്തറ വില്ലേജിൽപ്പെടുന്ന 19-ാം നമ്പർ അങ്കണവാടിയ്ക്കായി വലിയതുറ സെന്റ് സേവിയേഴ്സ് നഗറിലും ഡയറി ഡവലപ്പ്മെന്റ് വകുപ്പിന്റെ അധീനതയിലുള്ള 04.87 ആർ ഭൂമി കണ്ടെത്തിയിരുന്നത് വനിത ശിശു വികസന വകുപ്പിന് കൈമാറ്റം ചെയ്യുന്നതിനായി ജില്ലാ വനിത ശിശു വികസന ഓഫീസർ മുഖേന അർത്ഥനാപത്രം ഉൾപ്പെടുന്ന കത്ത് ലഭിച്ചതായി ജില്ലാ കളക്ടറേറ്റിൽ നിന്നും വനിത ശിശു വികസന വകുപ്പ് കാര്യാലയത്തിൽ വിവരം ലഭ്യമായിട്ടുണ്ട്. 24.12.2019 ൽ കളക്ടറേറ്റുമായി നേരിട്ട് ബന്ധപ്പെട്ടപ്പോൾ ഭൂമി കൈമാറ്റത്തിന് ആവശ്യമായ BTR പകർപ്പ്, ചെക്ക് ലിസ്റ്റ്, വില നിർണ്ണയ സ്റ്റേറ്റ്മെന്റ്, ഭൂമിയുടെ നിലവിലുള്ള അവകാശം തുടങ്ങിയവ സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിന് തഹസീൽദാർക്ക് കത്ത് അയച്ചിട്ടുള്ളതായും മറുപടി ലഭിക്കാത്തതിനാൽ 27.11.2019 ന് ഡെപ്യൂട്ടി കളക്ടർ അർദ്ധ ഔദ്യോഗിക കത്ത് നൽകിയിട്ടുള്ളതായും വനിത ശിശു വികസന കാര്യാലയത്തിന് അറിയുവാൻ കഴിഞ്ഞിട്ടുണ്ട്.<br>തിരുവനന്തപുരം അർബൻ 4 ഐസിഡിഎസ് പ്രോജക്ടിനു കീഴിലുള്ള ശംഖുമുഖം 152-ാം നമ്പർ അങ്കണവാടിയ്ക്കുവേണ്ടി തിരുവനന്തപുരം താലൂക്കിൽ പേട്ട വില്ലേജിൻ കീഴിലുള്ള ശംഖുമുഖം വാർഡിൽ വലിയതുറ പോലീസ് സ്റ്റേഷന് പുറകുവശം സർവ്വേ നമ്പർ 1920/PT പ്രകാരം സർക്കാർ പുറമ്പോക്ക് 10 സെന്റ് ഭൂമിയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം അങ്കണവാടിയ്ക്ക് വിട്ടുനൽകുന്നതിനാവശ്യമായ ശുപാർശ ലഭ്യമാക്കാൻ ബഹു. ജില്ലാ കളക്ടർ തിരുവനന്തപുരം |
| സി) പ്രൊപ്പോസൽ സമർപ്പിച്ച് രണ്ടു വർഷം പിന്നിട്ടിട്ടും ഇനിയും കാലതാമസം ഉണ്ടാക്കാതെ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ എന്ന് അറിയിക്കാമോ? | |

| | |
|---|---|
| | തഹസീൽദാർക്ക് രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്നും ഭൂമി വകുപ്പിന് ലഭ്യമാക്കുന്ന മുറയ്ക്ക് നിലവിലെ പദ്ധതി പ്രകാരം കെട്ടിടം നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ